പട്ടികവർഗ്ഗ കോളനികളിലെ സമഗ്ര വികസന പദ്ധതി

240(2445) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ കോളനികളാണ് സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പട്ടികവർഗ്ഗ കോളനികളിൽ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി എന്നേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹാംലറ്റ് വികസന പദ്ധതിയിൽ 2014-15 വർഷം കൽപ്പറ്റ നിയോജക മണ്ഡലത്തിലെ കരിങ്കുറ്റി, അത്തിക്കുനി, നാടുകാണിക്കൊല്ലി, ആലക്കണ്ടി, കാവുംമൂട്ടിൽ, പാലുകാപ്പ്, പാലുക്കര എന്നീ കോളനികൾ ഉൾപ്പെട്ട ഒരു ക്ലസ്റ്റർ, കല്ല് മൊട്ടംകുന്ന്-ഇപ്പാരിമൂലകോളനി എന്നിവയും 2015-16 വർഷം കല്ലംചിറ ആബേൽ കോളനി, കാവാടം കോളനി എന്നിവയുടെ ഒരു ക്ലസ്റ്ററും ഉൾപ്പെടുന്നു.

(ബി) പട്ടികവർഗ്ഗസങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ഹാംലറ്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. അടിസ്ഥാന സൗകര്യങ്ങളായ റോഡ്, നടപ്പാത എന്നിവ നിർമ്മാണം, വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്തൽ, കുടിവെള്ള പദ്ധതി, ഡ്രെയിനേജ് സംവിധാനം, വൈദ്യുതീകരണം, സൗരോർജ്ജ വൈദ്യുതീകരണം, സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ, ഭവന പുനരുദ്ധാരണം, മാലിന്യ സംസ്കരണം, കമ്മ്യൂണിറ്റി ഹാൾ/കളിസ്ഥലം തുടങ്ങിയ പൊതുസൗകര്യങ്ങൾ, ജലസേചനം, അടുക്കളത്തോട്ട നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ പട്ടിക വർഗ്ഗ സാങ്കേതങ്ങളുടെ സമഗ്ര വികസനം നടപ്പിലാക്കുക എന്നതാണ് ടി പദ്ധതിയുടെ പ്രധാന ലക്ഷ്യം.

(സി) 2014-15 വർഷത്തെ ടി പദ്ധതി അംഗീകൃത ഏജൻസികൾ മുഖേന നടപ്പിലാക്കി വരുന്നത് അന്തിമഘട്ടത്തിലാണ്. 2015-16 വർഷത്തെ പദ്ധതി പ്രാരംഭഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly